പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1971 | 17.03.2015 ൽ മറുപടിക്ക്

## വിദ്യാർത്ഥികൾക്കിടയിലെ മയക്കമരുന്ന് വിപണനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) | കേരളത്തിലെ വിദ്യാർത്ഥികളുടെ ഇടയിലും, കലാലയ പരിസരങ്ങളിലും മയക്കമരുന്നിന്റെ വിപണനം നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരളത്തിലേക്ക് മയക്കമരുന്ന് എത്തിക്കുന്ന ലോബികളെയും, വിദ്യാർത്ഥികളടക്കമുള്ളവരിലേക്ക് ഇത് കൈമാറ്റം ചെയ്യപ്പെടുന്ന സാഹചര്യവും ഇല്ലാതാക്കുന്നതിന് പ്രത്യേകം സ്ക്വാഡിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സ്കൂൾ പരിസരങ്ങൾ, ബസ് സ്റ്റാന്റുകൾ, ബസ് സ്റ്റോപ്പുകൾ, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ നാർക്കോട്ടിക് സെൽ/ ഷാഡോ പോലീസ് വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി സ്പെഷ്യൽ ഡ്രൈവ് നടത്തിയും പോലീസ് സ്റ്റേഷനുകളിൽ സ്പെഷ്യൽ ടീമുകൾ രൂപീകരിച്ചും ഇത്തരം ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേക അന്വേഷണത്തിനായി മഫ്റ്റിയിലും അല്ലാതെയും പോലീസിനെ നിയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ പിടികൂടാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | വിദ്യാലയ പരിസരങ്ങളിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തുന്നതിന് ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകുമോ? | (സി) | ജില്ലാ പോലീസ് മേധാവികൾക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ